പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5597 — 18.11.2019 ൽ മറുപടിക്ക്

## ഇടുക്കി ജില്ലയിലെ സർക്കാർ ആശുപത്രികളിൽ കീമോതെറാപ്പി സൗകര്യം

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് കീമോതെറാപ്പി ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഇടുക്കി ജില്ലയിലെ തൊടുപുഴ ജില്ലാ ആശുപത്രിയിൽ കീമോതെറാപ്പി ചെയ്യുന്നുണ്ട്. |
| (ബി) | ഇടുക്കിയിലെ മെഡിക്കൽകോളേജ് ഉൾപ്പെടെയുള്ള ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കീമോതെറാപ്പി സൗകര്യങ്ങൾ നൽകുന്നതിന് പദ്ധതിയുണ്ടോ;എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ബി) | സംസ്ഥാനത്ത് കാൻസർ രോഗം വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വർദ്ധിച്ച വരുന്ന കാൻസർ ബാഹുല്യത്തിന് അനുസൃതമായി സർക്കാർ മേഖലയിൽ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് ജില്ലാ, താലൂക്ക് ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകുന്ന ജില്ലാ കാൻസർ കെയർ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 23 സർക്കാർ ആശുപത്രികളിൽ ഡേ കെയർ കീമോതെറാപ്പി സെന്ററുകൾ ആരംഭിക്കുകയും നാളിതുവരെ 70000/- പരം കീമോതെറാപ്പി നൽകുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കാശുപത്രിയിൽ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കാൻസർ കെയർ പദ്ധതി പ്രകാരം കീമോതെറാപ്പി യൂണിറ്റ് ആരംഭിക്കുകയും അനുബന്ധ സൗകര്യങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും കാൻസർ കെയർ ഫണ്ട് ഉപയോഗിച്ച് പുതിയ കീമോതെറാപ്പി സെന്ററുകൾ പ്രാവർത്തികമാക്കി വരുന്നു. |

Hari
സെക്ഷൻ ഓഫീസർ